## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2627** — **09.05.2017 ൽ മറുപടിയ്ക്ക്**

### വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ.പി. ഉണ്ണി<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) പഴവർഗ്ഗങ്ങളുടേയും പച്ചക്കറികളുടേയും ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവപച്ചക്കറി ഉല്പാദനം, വാഴ - പച്ചക്കറി കൃഷിയുടെ വ്യാപനം, സ്വാശ്രയ സംഘങ്ങളുടെ രൂപീകരണവും, കർഷകരെ അംഗങ്ങളാക്കലും നഗരങ്ങളിൽ ഹരിതനഗരി പദ്ധതി/ ഗ്രോബാഗ് പദ്ധതി, വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2% പലിശ സബ്സിഡി നൽകൽ, വിള ഇൻഷ്വറൻസ്, ആരോഗ്യ ഇൻഷ്വറൻസ്, കർഷകർക്കായി ജീവൻ രക്ഷാ പോളിസി, മികച്ച കർഷകർക്കും സ്വാശ്രയ സമിതികൾക്ക് അവാർഡ് വിതരണം ചെയ്യൽ, പച്ചക്കറി കൃഷിയിൽ വിജ്ഞാനവ്യാപന പ്രവർത്തനം, പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യാവ്യാപനം, മണ്ണ് പരിശോധനാ ഫലങ്ങൾ അടിസ്ഥാനമാക്കിയുള്ള കൃഷി, സൂക്ഷ്മ മൂലകങ്ങൾ അടങ്ങിയ വളങ്ങളുടെ ഉപയോഗം, നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവ വിപണിയിൽ എത്തിക്കുക, വിഷരഹിത പച്ചക്കറികളും മൂല്യ വർദ്ധിത ഉല്പന്നങ്ങളും നേരിട്ട് ശേഖരിച്ച് "തളിർ" എന്ന ബ്രാന്റിൽ വിപണനം ചെയ്യുക, കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്ത സാഹചര്യത്തിൽ 'റിസ്ക് ഫണ്ട്' പദ്ധതി വഴി ന്യായവില ഉറപ്പാക്കുക. |

| | | | |
|---|---|---|---|
| ബി | വീട്ടുവളപ്പിലെ കൃഷി,ജൈവകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് വി.എഫ്.പി.സി.കെ നൽകി വരുന്നതെന്ന് വിശദമാക്കുമോ; | ബി) | വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ ഹരിതനഗരി/ ഗ്രോബാഗ് പദ്ധതി കൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ പോട്ടിങ് മിശ്രിതം നിറച്ചതും പച്ചക്കറി തൈകൾ നട്ടു പിടിപ്പിച്ചതുമായ ഗ്രോബാഗുകൾ വിതരണം ചെയ്തു വരുന്നു. ഇതിനായി കൗൺസിൽ, ഉദ്യോഗസ്ഥർ ക്ക് സാങ്കേതിക ഉപദേശങ്ങളും നല്കി വരുന്നു. |
| സി) | പങ്കാളിത്ത ഗ്യാരന്റി സമ്പ്രദായത്തോടെയുള്ള പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | സി) | ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു. കൗൺസിലിന്റെ നേതൃത്വ ത്തിൽ വിവിധ ജില്ലകളിലായി ജൈവ കൃഷിയോടു താല്പര്യമുള്ള കർഷകരുടെ 213 ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 1500 കർഷകരോളം വരുന്ന ഈ സംഘങ്ങൾ വഴി 725 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കി വരുന്നു. പി.ജി.എസി നായി രജിസ്റ്റർ ചെയ്ത എല്ലാ കർഷകരെയും ഉൾപ്പെടുത്തി ഗ്രൂപ്പ് തല മീറ്റിംഗുകളും പി.ജി.എസ്- നെ കുറിച്ചുള്ള പരിശീലനങ്ങളും സംഘടിപ്പിക്കുന്നു. വി.എഫ്.പി.സി.കെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൃഷിയിടങ്ങൾ പരിശോധിച്ച് വിലയിരുത്തുകയും പി.ജി.എസ് ഓർഗാനിക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്നു. കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പി.ജി.എസ്. സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉല്പാദനവും എന്ന പദ്ധതി പ്രവർത്തനങ്ങൾക്കായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| ഡി) വി.എഫ്.പി.സി.കെ യുടെ കീഴിൽ മണ്ണ് പരിശോധന ലാബുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ഡി) വി.എഫ്.പി.സി.കെ യുടെ കീഴിൽ ആലപ്പുഴ ജില്ലയിലെ തുറവൂരും മലപ്പുറം ജില്ലയിലെ തിരുവാലിയിലും മണ്ണ് പരിശോധനാ ലാബുകൾ പ്രവർത്തന സജ്ജമായി വരുന്നു. തുറവൂരുള്ള ലാബിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ജൂണിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറത്തുള്ള മണ്ണ് പരിശോധനാ ലാബിന്റെ കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്. |

S. [signature]

**സെക്ഷൻ ഓഫീസർ**